Break the Chain

**WCD/A2- 24508 /2019**


വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
ഇ-മെയിൽ: directorate.wcd@kerala.gov.in
☎ 0471-2346534


തീയതി:17/12/2020

ഡയറക്ടർ,
വനിതാ ശിശുവികസന ശിശു വികസന വകുപ്പ്

ശിശു വികസന പദ്ധതി ഓഫീസർ
ഐ.സി.ഡി.എസ്. പനമരം അഡീഷണൽ

**വിഷയം :** വനിതാ ശിശു വികസന വകുപ്പ് - ഐ.സി.ഡി.എസ്. പനമരം അഡീഷണൽ - അങ്കണവാടി ഹോണറേറിയം - ശീർഷകം മാറി തുക വിനിയോഗിച്ചത് - വിശദീകരണം - സംബന്ധിച്ച്

**സൂചന :** 1) താങ്കളുടെ 19.10.2020 ലെ 228/2020 നമ്പർ കത്ത്.
2) ഈ കാര്യാലയത്തിലെ 28.11.2019 ലെ WCD/A2-24508/2019 നമ്പർ സർക്കുലർ

വനിതാ ശിശു വികസന വകുപ്പിൻ കീഴിലെ പനമരം അഡീഷണൽ ഐ.സി.ഡി.എസിലെ അങ്കണവാടി ജീവനകാരുടെ 2020 സെപ്റ്റംബർ മാസത്തെ അങ്കണവാടി ഓണറേറിയമിനത്തിൽ 2235-02-102-47-00-01-05 (P) എന്ന കേന്ദ്രാവിഷ്കൃത ശീർഷകത്തിൽ നിന്നും മാറി നൽകേണ്ടിയിരുന്ന ₹6,45,511/- സംസ്ഥാന വിഹിതം നല്കുന്നതിനായി തുക വകയിരിത്തിയിട്ടുള്ള 2235-02-102-55-00-01-05 (NP) എന്ന ശീർഷകത്തിൽ നിന്നും മാറി നൽകുകയും, ആയത് E-Jeevika യിൽ രേഖപ്പെടുത്താൻ എടുത്തപ്പോൾ മാത്രമാണ് ശ്രദ്ധയിൽപ്പെട്ടതെന്നും ആയത് ക്ലറിക്കൽ ഭാഗത്തുനിന്നും വന്ന വീഴ്ച ആയതിനാൽ ടി വിഷയം പരിഹരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സൂചന (1) പ്രകാരം അവശ്യപെട്ടിരിക്കുന്നു.

വിവിധ ബജറ്റ് ശീർഷകങ്ങളിൽ പദ്ധതി /പദ്ധതിയേതര ആവശ്യങ്ങൾക്കായി വകയിരിത്തിയിട്ടുള്ള തുകകൾ തീർത്തും അശ്രദ്ധമായി കീഴ് കാര്യാലയ മേധാവികൾ മാറി വിനിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്

ഇത്തരം നടപടികൾ അംഗീകരിക്കാവുന്നതല്ലായെന്നും ആയതു ബന്ധപ്പെട്ട DDO മാരുടെ ബാധ്യതയായി കണ്ടു നടപടി സ്വീകരിക്കുന്നതാണെന്നും എന്നും ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച സൂചന (2) സർക്കുലർ പ്രകാരം അറിയിച്ചിരുന്നതാണ്.

ട്രഷറി ഇടപാടുകൾ സർക്കാർ വക ഓൺലൈൻ പ്ലേറ്റ് ഫോമിലൂടെ മാത്രം നടത്തുന്നതിനാൽ കൃത്യത ഉറപ്പുവരുത്തുന്നതിന് യൂസർ ലോഗിന് ഉപരിയായി അപ്രൂവൽ ID നല്കിയിട്ടുണ്ട്. കൂടാതെ ക്ലാർക്കുമാർ, SPARK / BIMS മുഖേന പ്രൊസസ് ചെയ്ത ബില്ലുകൾ, ഓഫീസ് മേധാവിയുടെ അപ്രൂവൽ ലോഗിൻ മുഖാന്തരം ഡിജിറ്റൽ സിഗ്നേച്ചർ രേഖപെടുത്തി മാത്രമേ ട്രഷറിയിൽ E-submit ചെയ്യാൻ സാധിക്കുകയുള്ളു എന്നിരിക്കെ ഇത്തരത്തിലുള്ള അപാകത ക്ലറിക്കൽ എറർ എന്ന രീതിയിൽ കാണാനാവില്ല. കേന്ദ്ര വിഹിതമായി അങ്കണവാടി ജീവനക്കാർക്ക് മാറി നൽകേണ്ട ഓണറേറിയം സംസ്ഥാന വിഹിതത്തിൽ നിന്നും മാറി നൽകിയിട്ടുള്ള താങ്കളുടെ നടപടി ഗൗരവമായികാണുന്നു.

ഓഫീസ് മേധാവി എന്ന നിലയിൽ ബില്ലുകളുടെ കൃത്യത പരിശോധിക്കാതെ ഡിജിറ്റൽ സിംഗ്നേച്ചർ സർട്ടിഫിക്കേറ്റ് രേഖപെടുത്തിയത് DDO എന്ന നിലയിൽ താങ്കളുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ച ആണ്. ആയത് ക്ലറിക്കൽ ഭാഗത്തുനിന്നുള്ള വീഴ്ചയായി ലഘൂകരിക്കാൻ ശ്രമിക്കുകയും ഓഫീസ് മേധാവി എന്ന നിലയിൽ താങ്കളുടെ ഉത്തരവാദിത്വത്തിൽ നിന്നു ഒഴിവാകാൻ ശ്രമിക്കുന്നതും അംഗീകരിക്കാൻ കഴിയുന്നതല്ല.

വകുപ്പദ്ധ്യക്ഷന്റെ നിരന്തരമായുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ ബജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക വകമാറി വിനിയോഗിച്ച താങ്കൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ടി കത്ത് കിട്ടി ഏഴ് ദിവസത്തിനുള്ളിൽ രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി

**AMBIKA DEVI.D**
**Pen.No. 100452**
**Senior Finance Officer**
**Directorate of Women and Child**
**Poojappura, TVPM-12**

പകർപ്പ്:

1) ജില്ലാ വനിതാ ശിശുവികസന ഓഫീസർ, വയനാട്.
2) പ്രോഗ്രാം ഓഫീസർ, വയനാട്.
3) സൂപ്രണ്ട്, ഐടി സെൽ. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)